*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ജഗതി, തിരുവനന്തപുരം-14*

നംബർ. **ICT Cell/1771/1/DGE_HSE/2024** **12/07/2024**

# <u>സർക്കുലർ</u>

**വിഷയം: പ്ലസ്വൺ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനായുള്ള വേക്കൻസി പ്രസിദ്ധീകരണം, അപേക്ഷ സമർപ്പണം സംബന്ധിച്ച് : നിർദ്ദേശങ്ങൾ**

**ഒന്നാം** സപ്ലിമെൻററി അലോട്ട്മെൻറിനുശേഷമുള്ള മെറിറ്റ് വേക്കൻസിയൊടൊപ്പം മലപ്പുറം ,കാസർഗോഡ് ജില്ലകളിൽ അധികമായി അനുവദിച്ച 138 താൽക്കാലിക ബാച്ചുകളിലെ സീറ്റുകളും ചേർത്തുള്ള വേക്കൻസി സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി 2024 ജൂലൈ 17 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുവരെ ഏകജാലക സംവിധാനത്തിൽ **മെറിറ്റ് ക്വാട്ടയിൽ** പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. പ്രവേശനം നേടിയ ജില്ലയ്ക്കകത്ത് സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ, സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേയ്ക്കൊ കാൻഡിഡേറ്റ് ലോഗിനിലെ Apply for School/Combination Transfer എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ് വിവിധ അലോട്ട്മെൻറുകളിൽ ഒന്നാം ഓപ്ഷനിൽ പ്രവേശനം നേടിയവർ,വിഭിന്നശേഷിവിഭാഗത്തിലുള്ള അപേക്ഷകർ ( അധിക സീറ്റ് സൃഷ്ടിച്ച് അലോട്ട്മെൻറ് അനുവദിച്ചിട്ടുള്ളതിനാൽ) എന്നീ വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിന് അപേക്ഷിക്കാൻ സാധിക്കുകയില്ല. മറ്റ് ക്വാട്ടകളിൽ (സ്പോർട്സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെൻറ് ക്വാട്ട ,അൺ-എയ്ഡഡ് ക്വാട്ട) പ്രവേശനം നേടിയവരും സ്കൂൾ/കോമ്പിനേഷൻ ട്രാസ്ഫറിന് അപേക്ഷിക്കാൻ അർഹരല്ല.

വിദ്യാർത്ഥികൾക്ക് പ്രവേശനം നേടിയ സ്കൂളിൽ തന്നെ മറ്റൊരു കോമ്പിനേഷനിലേക്കോ,മറ്റൊരു സ്കൂളിലെ അതേ കോമ്പിനേഷനിലേക്കോ മറ്റൊരു സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേക്കോ അപേക്ഷ നൽകാം.മാറ്റം ആവശ്യപ്പെടുന്ന സ്കൂളോ കോമ്പിനേഷനോ വിദ്യാർത്ഥി ആദ്യം സമർപ്പിച്ച അപേക്ഷയിൽ ഓപ്ഷനായി ആവശ്യപ്പെട്ടിരിക്കണമെന്നില്ല. ഒന്നിലധികം സ്കൂളുകളിലേയ്ക്കും കോമ്പിനേഷനുകളിലേയ്ക്കും മാറ്റത്തിനായി ഓപ്ഷനുകൾ നൽകാവുന്നതാണ്. മുൻഗണന ക്രമത്തിലാണ് ഓപ്ഷനുകൾ നൽകേണ്ടത്. മാറ്റം ലഭിച്ചാൽ പ്രവേശനം നേടാൻ താൽപ്പര്യമുള്ള

സ്കൂളുകളും കോമ്പിനേഷനുകളും മാത്രം വിദ്യാർത്ഥികൾ ഓപ്ഷനായി നൽകുക. **സ്കൂൾ മാറ്റം ലഭിച്ചാൽ വിദ്യാർത്ഥി നിർബന്ധമായും പുതിയ സ്കൂളിലേയ്ക്ക് മാറണം.** പ്രസിദ്ധീകരിക്കുന്ന ഒഴിവുകൾ കൂടാതെ സ്കൂൾ/കോമ്പിനേഷൻ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ഒഴിവുകളിലേയ്ക്കും വിദ്യാർത്ഥികൾ അപേക്ഷ നൽകിയിട്ടുള്ള പക്ഷം മാറ്റം അനുവദിക്കും. അതായത് **വിദ്യാർത്ഥി മാറ്റം ആഗ്രഹിക്കുന്ന ഏതൊരു സ്കൂളിലേയ്ക്കും നിലവിൽ ഒഴിവുകളില്ലെങ്കിലും അപേക്ഷ നൽകാവുന്നതാണ്.**പ്രസ്തുത സ്കൂളിൽ നിന്നും ഏതെങ്കിലും വിദ്യാർത്ഥി സ്കൂൾ മാറ്റത്തിലൂടെ പോകുന്ന ഒഴിവു വന്നാൽ ആ ഒഴിവിലേയ്ക്ക് മുകളിൽ സൂചിപ്പിച്ച അപേക്ഷ പരിഗണിക്കും.

കാൻഡിഡേറ്റ് ലോഗിനിലെ "Apply for School/Combination Transfer" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ദൃശ്യമാകുന്ന ഓപ്ഷനുകൾ ചേർക്കാനുള്ള ബോക്സിൽ വിദ്യാർത്ഥി മാറ്റത്തിനായി ഉദ്ദേശിക്കുന്ന സ്കൂളുകളും കോമ്പിനേഷനുകളും മുൻഗണനാ ക്രമത്തിൽ സെലക്ട് ചെയ്ത് സബ്മിറ്റ് ചെയ്യുക. കൺഫർമേഷൻ പൂർത്തീകരിച്ച അപേക്ഷകളിൽ സ്കൂൾ ട്രാൻസ്ഫറും കോമ്പിനേഷൻ ട്രാൻസ്ഫറും ഒരുമിച്ചായിരിക്കും പ്രോസസ് ചെയ്യുന്നത്.

സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള ഓപ്പൺ വേക്കൻസി വിവരങ്ങൾ **2024 ജൂലൈ 17 ന് പ്രസിദ്ധീകരിക്കുന്നതാണ്.** സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ കാൻഡിഡേറ്റ് ലോഗിനിലൂടെ **2024 ജൂലൈ 17 മുതൽ 2024 ജൂലൈ 19 ന് ഉച്ചയ്ക്ക് 2 മണിവരെ** അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനു ശേഷമുള്ള വേക്കൻസിയും മറ്റ് വിശദാംശങ്ങളും **രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി 2024 ജൂലൈ 22 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക്** പ്രസിദ്ധീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ